# പതിമൂന്നാം കേരളനിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2542** 14/02/2013 ൽ മറുപടിക്ക്

**തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ അത്യാവശ്യ സൗകര്യങ്ങൾ**


ചോദ്യം
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

മറുപടി
വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)


---

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലെ ജനറൽ വാർഡിലെ രോഗികൾക്ക് അത്യാവശ്യ സൗകര്യങ്ങൾ ഒരുക്കുന്നതിൽ അധികൃതർ വേണ്ടത്ര ജാഗ്രത പാലിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | പരസഹായമില്ലാതെ ജീവിക്കാൻ കഴിയാത്ത രോഗികൾക്ക്, പ്രാഥമിക കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് വേണ്ടത്ര സൗകര്യമില്ലാത്തതും, കൂട്ടിരിപ്പുകാർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കാത്തതിനാലും രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ആർ.സി.സിയിലെ ജനറൽ വാർഡിലെ രോഗികൾക്ക് ആവശ്യമായ ഒട്ടുമിക്ക സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. രോഗികൾക്ക് യൂണിഫോം, കിടക്കയ്ക്ക് അരികിൽ ഭക്ഷണമെത്തിക്കാനുള്ള സംവിധാനം, ടോയ് ലറ്റ് സൗകര്യങ്ങൾ, ബന്ധുക്കൾക്ക് രോഗികളെ സന്ദർശിക്കുവാനുള്ള സൗകര്യം എന്നിവ ജനറൽ വാർഡിൽ ലഭ്യമാണ്. കൂട്ടിരുപ്പുകാരെ അനുവദിക്കാത്തതിനാൽ പരസഹായമില്ലാതെ പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കാൻ കഴിയാത്ത രോഗികളെ |

| | | | |
|---|---|---|---|
| | | | സഹായിക്കുന്നതിനായി 24 മണിക്കൂറും നഴ്സിംഗ് അസിസ്റ്റന്റുമാരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. ചികിത്സയിലിരിക്കുന്ന ക്യാൻസർ രോഗികൾക്ക് രോഗ പ്രതിരോധ ശേഷി കുറവായതിനാൽ വാർഡിൽ കൂട്ടിരുപ്പുകാരെ അനുവദിക്കാറില്ല. രോഗികൾക്ക് പുറത്തുനിന്നും ഏൽക്കുന്ന അണുബാധ ഒരു പരിധി വരെ നിയന്ത്രിക്കുന്നതിനാണ് ഇപ്രകാരം ചെയ്യുന്നത്. |
| (സി) | ജനറൽ വാർഡുകളിൽ കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിനും, കൂട്ടിരിപ്പുകാർക്ക് താമസിക്കുന്നതിനും രോഗിയെ പരിചരിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുവാൻ നിർദ്ദേശം നൽകുമോ ? | (സി) | ആർ.സി.സി.യിൽ ഇപ്പോൾ തന്നെ 370 കിടക്കകളുണ്ട്. നിർമ്മാണത്തിലിരിക്കുന്ന പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയാകുന്നതോടെ ജനറൽ വാർഡുൾപ്പെടെ രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് കൂടുതൽ സ്ഥല സൗകര്യം ലഭിക്കും. കിടത്തി ചികിത്സിക്കുന്ന രോഗികളുടെ കൂട്ടിരിപ്പുകാർക്ക് താമസ സൗകര്യം ഒരുക്കുക എന്നത് ചെലവേറിയ കാര്യമാണ്. മാത്രവുമല്ല സ്ഥലപരിമിതി ഇത്തരം ഒരു സംരംഭം ഒരുക്കുന്നതിന് ആർ.സി.സി.യ്ക്ക് ഒരു തടസ്സവുമാണ്. എങ്കിലും സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ